## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2388** | **05.11.2019** - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി.

<table>
<tr><td></td><td>ചോദ്യം</td><td></td><td>മറുപടി</td></tr>
<tr><td></td><td>ശ്രീ. ടി.എ. അഹമ്മദ് കബീർ :<br>ശ്രീ. പി. ഉബൈദുള്ള :<br>ഡോ. എം.കെ. മുനീർ :<br>ശ്രീ. കെ.എം. ഷാജി :</td><td></td><td>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിത വരുമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം 2017-18 സാമ്പത്തിക വർഷം പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 99 ശതമാനവും 2018-19 സാമ്പത്തിക വർഷം 104 ശതമാനവും കൈവരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>പ്രതീക്ഷിച്ച വരുമാനം (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം)</th><th>ലഭിച്ച വരുമാനം</th><th>ശതമാനം</th></tr>
<tr><td>2017-18</td><td>38945.26</td><td>38403.69</td><td>99</td></tr>
<tr><td>2018-19</td><td>41907.97</td><td>43707.51</td><td>104</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര നെറ്റ് വർക്ക് സംവിധാനം ഇല്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;</td><td>(ബി)</td><td>ജി.എസ്.ടി. നിയമ പ്രകാരം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുന്നതും നികുതി അടയ്ക്കുന്നതും ജി.എസ്.ടി.എൻ. നെറ്റ്-വർക്കിലൂടെയാണ്. ഇത് ഇപ്പോൾ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ഇപ്പോൾ റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കാനും യാതൊരു ബുദ്ധിമുട്ടും ഇല്ല. എന്നിരുന്നാലും നിലവിലുള്ള റിട്ടേണുകൾ കൂടുതൽ ലളിതമായ രീതിയിൽ ഫയൽ ചെയ്യുന്ന സംവിധാനം ജനുവരി 2020 മുതൽ നടപ്പിലാക്കുമെന്നാണ് കരുതുന്നത്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആവശ്യത്തിലേക്കായി കുറ്റമറ്റ രീതിയിലുള്ള സർവർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ? | (സി) | ജി.എസ്.ടി. കോമൺ പോർട്ടലിൽ നികുതി ദായകർ സമർപ്പിക്കുന്ന സെൽഫ് അസസ്ഡ് റിട്ടേണുകളും മറ്റ് രേഖകളും സംസ്ഥാനത്തെ നികുതി ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനാവശ്യമായ ബേക്ക് എൻഡ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് സെർവറുകൾ 2018 ഫെബ്രുവരി മാസത്തിൽ സ്ഥാപിച്ച് പൂർണ്ണതോതിൽ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**